# GAZETTE DATE : 30.11.2024
# LAST DATE : 01.01.2025

## CATEGORY NO: 442/2024
### FOURTH NCA NOTIFICATION

Applications are invited Online only by "ONE TIME REGISTRATION SCHEME" from qualified candidates belonging to reservation group of SCHEDULED TRIBE community in the state of Kerala against NCA vacancies for selection to the under mentioned post in Kerala Government Service.

1. **Department** : **Kerala Vocational Higher Secondary Education**
2. **Name of Post** : **Non Vocational Teacher (Junior) in Mathematics**
3. **Scale of pay** : **₹ 45,600- 95,600/-**
4. **Number of vacancies** : **Scheduled Tribe (ST) - 01 (One) (NCA)**

The above vacancy is now in existence. The Ranked list published as per this notification will be valid until candidates are advised and appointed against the vacancy earmarked for the above community, but remains unfilled due to the paucity of candidates during the currency of the Ranked list published for the post on 22.06.2015 in accordance with the Notification published in the gazette dated 31.12.2010 vide Category No. 457/2010. This is the Fourth NCA notification issued due to the paucity of candidates belonging to the above community after the issuance of First NCA Notification vide Category No. 261/2016 published in the gazette dated 30.08.2016, Second NCA Notification vide Category No. 073/2022 published in the gazette dated 13.04.2022 and third NCA Notification vide Category No. 483/2023 published in the gazette dated 15.11.2023.

5. **Method of appointment** : Direct Recruitment (From candidates belonging to Scheduled Tribe community of Kerala State only.)

Note : In the absence of qualified ST candidates, applications of SC Candidates will also be considered. Application of candidates other than SC & ST community will be rejected. Individual communication regarding rejection of their application will not be issued.

6. **Age limit** : 23-45. Only candidates born between 02.01.1979 and 01.01.2001 (both dates included) are only eligible to apply for the post (including the relaxation as per para 2(i) of the General Conditions)

7. **Qualifications :**

1. Post Graduate Degree in Mathematics with not less than 45% marks awarded by any of the Universities in Kerala or an equivalent qualification.

2. i) B.Ed Degree in the concerned subject acquired after a regular course of study from any of the Universities in Kerala or a qualification recognized as equivalent thereto by a University of Kerala.

   ii) In the absence of persons with B.Ed. Degree in the concerned subject, B.Ed. Degree acquired after a regular course of study in the concerned faculty as specified in the Acts and Statutes of any of the universities in Kerala.

   iii) In the absence of persons with B.Ed. Degree as specified in item (i) and (ii) above, persons with B.Ed. Degree in any subject acquired after a regular course of study from any of the Universities in Kerala or a qualification recognized as equivalent thereto by any of the Universities in Kerala.

   iv) In the absence of B.Ed. Degree holders, candidates having Masters Degree with not less than 45% marks and who have passed SET will be considered. Preference will be given to candidate having Ph.D or M. Phil. or qualified as Junior Research Fellowship/NET. The teachers appointed under this provision will have to acquire B.Ed. Degree at their own expense within 5 years from the date of entry in service.

   v) Persons who have acquired M.Ed in the subject concerned after a regular course of study and recognized by any of the Universities in Kerala are exempted from B.Ed qualification.

3. Must have passed the State Eligibility Test for the post of Non-Vocational Teacher conducted by Government of Kerala or by the Agency authorized by the State Government.

**Exemptions**

1) Those persons who have passed the State Level Eligibility Test for the post of College Lecturers conducted by Govt. of Kerala are exempted from the State Eligibility Test for Non-Vocational Teacher.

2) Those persons who have passed the State Eligibility Test for the post of HSST conducted by Government of Kerala are exempted from State Eligibility Test for Non-Vocational Teacher.

3) Those persons who have passed National Eligibility Test/Junior Research Fellowship shall be exempted from passing the State Eligibility Test.

4) Persons with Ph.D/M.Phil/M.Ed. Degree shall be exempted from passing the State Eligibility Test provided the M.Phil in the concerned subject be one awarded by any of the Universities in Kerala or recognized as equivalent by any of the Universities in Kerala.

5) Those who have submitted Ph.D Thesis and passed M.Phil shall be exempted from SET, upto the time of exemption granted by the UGC from time to time as in the case of candidates having the above qualifications from passing NET.

**Note :**

1. Candidates who have acquired Non-qualifying Degrees viz. Ph.D/M.Phil/Post Doctoral Fellowship will be awarded Weightage marks provided that such Non-Qualifying Degrees shall be in the subjects pertaining to the basic qualification stipulated for the post. Weightage marks for Non-qualifying Degrees for ranking will be awarded as detailed below.

| | |
|---|---|
| Non-Qualifying M.Phil | - 2 marks |
| Non-Qualifying Ph.D | - 4 marks |
| Both M.Phil and Ph.D (Non-Qualifying) | - 5 marks |
| Post Doctoral Fellowship | - 2 marks |

Non-qualifying degree means the additional qualifications which are earned apart from the qualifications insisted on as essential qualifications for the post. If Ph.D/M.Phil/Post Doctoral Fellowship is reckoned as necessary qualification for the post, weightage marks will not be awarded for it.

2. In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification prescribed for a post in the Special Rules or found acceptable by the Commission in cases where acceptance of equivalent qualification is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent / higher qualifications shall be produced as and when required by the Commission.

3. Rule 10 (a)(ii) of Part II KS & SSR is applicable.

**Explanation:-** Non- Vocational Teacher (Junior) means post having work load of below 15 period per week per subject.

**Probation:-** Every person appointed to the above post shall, from the date on which he/she joins duty, be on probation for a total period of two years on duty within a continuous period of three years.

**8. Mode of Submitting applications**:

**a)** Candidates must register as per 'ONE TIME REGISTRATION' with the Official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have already registered can apply by logging in to their profile using their User-ID and password. Candidates must click on the 'Apply Now' button of the respective posts in the Notification Link to apply for the post . Name of the candidate and the date of taking photograph should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. Those candidates who create profile for the first time should upload a Photograph taken within Six months. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application once submitted is received as provisional and the details cannot be deleted or altered after submission. **Candidates are advised**

**to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application submitted not in accordance with the conditions stipulated in the notification will summarily be rejected in due course of processing. Original Documents to prove qualification, experience, community, age etc. have to be produced as and when called for. The profile correction made by the candidates themselves or through the office of the KPSC on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

**b)** If Written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the registered mobile phone number .

**c)** Candidates who have AADHAAR card should add AADHAAR card as ID Proof in their profile.

**9. Last date for receipt of applications : 01.01.2025 Wednesday** up to 12.00 midnight.

**10. Address to which applications are to be sent :-** www.keralapsc.gov.in

**11. Special Instructions to candidates**

a) In the case of difference in caste/ community claimed in the application and that entered in SSLC book, the candidate shall produce a Gazette notification in this regard, along with Non Creamy Layer Certificate/ Community Certificate at the time of certificate verification.

b) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

c) Appropriate disciplinary action as per Rule 22 of KPSC Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written or practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details regarding Photo, ID Card, etc. please see the General Conditions given in Part II of the Gazette Notification.)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# <u>കാറ്റഗറി നമ്പർ : 442/2024</u>

## <u>നാലാം എൻ.സി.എ. വിജ്ഞാപനം</u>

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനിലൂടെ **"ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി "**പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| 1. | **വകുപ്പ്** | : **കേരള വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം** |
| 2. | **ഉദ്യോഗപേര്** | : **നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) – മാത്തമാറ്റിക്സ്** |
| 3. | **ശമ്പളം** | : **₹ 45,600– 95,600/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : **പട്ടികവർഗ്ഗം – 01 (ഒന്ന്) (എൻ.സി.എ)** |

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം പട്ടികവർഗ്ഗ സംവരണ വിഭാഗത്തിനു വേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് , 31.12.2010 തീയതിയിലെ കാറ്റഗറി നമ്പർ: 457/2010 വിജ്ഞാപനത്തിനനുസൃതമായി 22.06.2015 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പട്ടികവർഗ്ഗക്കാർക്കായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക്, പ്രസ്തുത വിഭാഗം ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഇത് കാറ്റഗറി നമ്പർ 261/2016 ആയി 30.08.2016 – ൽ പുറപ്പെടുവിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനം, കാറ്റഗറി നമ്പർ 73/2022 ആയി 13.04.2022 – ൽ പുറപ്പെടുവിച്ച രണ്ടാം എൻ.സി.എ വിജ്ഞാപനം, കാറ്റഗറി നമ്പർ 483/2023 ആയി 15.11.2023 – ൽ പുറപ്പെടുവിച്ച മൂന്നാം എൻ.സി.എ വിജ്ഞാപനം എന്നിവ പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ പുറപ്പെടുവിക്കുന്ന നാലാം എൻ.സി.എ വിജ്ഞാപനമാണ്.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം. (കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രം).

**<u>കുറിപ്പ്</u> :** പട്ടികവർഗ്ഗക്കാരായ അപേക്ഷകരുടെ അഭാവത്തിൽ പട്ടിക ജാതിക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്. പട്ടിക ജാതി, പട്ടികവർഗ്ഗക്കാരല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

6. **പ്രായപരിധി** : **(23–45)**. ഉദ്യോഗാർത്ഥികൾ 02.01.1979–നും 01.01.2001– നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ഇളവ് ഉൾപ്പെടെ)

7. **യോഗ്യതകൾ :**

1. കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 45% മാർക്കിൽ കുറയാതെ ഗണിതശാസ്ത്രത്തിൽ നേടിയ ബിരുദാനന്തരബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. i. ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിനുശേഷം നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യത.

   ii. ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയവരുടെ അഭാവത്തിൽ, കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയുടെ ആക്റ്റുകളിലും സ്റ്റാറ്റ്യൂട്ടുകളിലും നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ റഗുലർ പഠനത്തിലൂടെ നേടിയ ബി.എഡ്. ബിരുദം.

   iii. മുകളിൽ ഇനം (i) ലും, (ii) ലും സൂചിപ്പിച്ചിട്ടുള്ള ബി.എഡ്. യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിനു ശേഷം നേടിയ ഏതെങ്കിലും ഒരു വിഷയത്തിലുള്ള ബി. എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച യോഗ്യത.

   iv. ബി.എഡ്. ബിരുദക്കാരുടെ അഭാവത്തിൽ 45% മാർക്കിൽ കുറയാതെ ബിരുദാനന്തര ബിരുദവും സെറ്റും (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. പി.എച്ച്.ഡി. ബിരുദമോ, എം.ഫിൽ. ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെലോഷിപ്പ്/നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തിനുള്ളിൽ അവരുടെ സ്വന്തം ചെലവിൽ ബി.എഡ് ബിരുദം നേടിയിരിക്കണം.

v. ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച എം.എഡ് യോഗ്യത റഗുലർ പഠനത്തിലൂടെ നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്കായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**ഇളവുകൾ**

1. കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലെവൽ എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
2. എച്ച്.എസ്.എസ്.ടി. തസ്തികയിലെ നിയമനത്തിനായി കേരള സർക്കാർ നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായവരെയും നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
3. നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
4. പി.എച്ച്.ഡി/ എം.ഫിൽ/ എം.എഡ്. നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്, എന്നാൽ ബന്ധപ്പെട്ട വിഷയത്തിലുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.
5. നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ നിന്ന് പി.എച്ച്.ഡി തീസിസ് സമർപ്പിച്ചവരെയും എം.ഫിൽ പാസ്സായവരെയും കാലാകാലങ്ങളിൽ യു.ജി.സി എത്രകാലം ഒഴിവാക്കുന്നുവോ അത്രയും കാലയളവിലേയ്ക്ക് സെറ്റ് പാസ്സായിരിക്കണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**<u>കുറിപ്പ് :</u>**

**1.** തസ്തികയിലേയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അപേക്ഷകർ നേടിയിട്ടുള്ള പിഎച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നീ നോൺ ക്വാളിഫയിംങ് ഡിഗ്രികൾക്ക് അധിക മാർക്ക് നൽകുന്നതാണ്. റാങ്കിങ്ങിനായി നോൺ ക്വാളിഫയിംങ് യോഗ്യതകൾക്ക് അധിക മാർക്ക് നൽ കുന്നത് താഴെ പറയുന്ന രീതിയിലായിരിക്കും.

| | |
|---|---|
| നോൺ ക്വാളിഫയിങ് എം.ഫിൽ | – 2 മാർക്ക് |
| നോൺ ക്വാളിഫയിങ് പിഎച്ച്.ഡി | – 4 മാർക്ക് |
| എം.ഫിൽ & പിഎച്ച്.ഡി (നോൺ ക്വാളിഫയിങ്) | – 5 മാർക്ക് |
| പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് | – 2 മാർക്ക് |

നോൺ ക്വാളിഫയിംങ് യോഗ്യതകൾ എന്നർത്ഥമാക്കുന്നത് ഈ തസ്തികയ്ക്ക് അവശ്യം വേണ്ടുന്ന യോഗ്യതകളായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് ഉപരിയായി കരസ്ഥമാക്കിയിട്ടുള്ള അധിക യോഗ്യതകളെയാണ്. അടിസ്ഥാന യോഗ്യതയായി പിഎച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ പരിഗണിക്കപ്പെടുകയാണെങ്കിൽ ആയതിന് അധിക മാർക്ക് അനുവദിക്കുകയില്ല.

2. ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാന്റിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**3.** KS & SSR Part II Rule 10 a(ii) ബാധകമാണ്.

**<u>വിശദീകരണം:</u>** നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഓരോ വിഷയത്തിലും ആഴ്ചയിൽ 15 പീരിയഡിൽ താഴെ അദ്ധ്യാപനം ചെയ്യേണ്ട തസ്തിക എന്നാണ്.

**<u>പ്രൊബേഷൻ:</u>** ഈ തസ്തികയിൽ നിയമിക്കപ്പെടുന്ന ഏതൊരാളും സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

8. **അപേക്ഷകൾ സമർപ്പിക്കേണ്ട രീതി**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. പുതുതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആറുമാസത്തിനുള്ളിൽ എടുത്ത ഫോട്ടോ upload ചെയ്യേണ്ടതാണ്. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷൻ മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺ ലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നല്കേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(സി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9. **അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി : 01.01.2025 ബുധനാഴ്ച** അർദ്ധ രാത്രി 12.00 മണി വരെ

10. **അപേക്ഷ സമർപ്പിക്കേണ്ട വെബ്സൈറ്റ് :** www.keralapsc.gov.in

11. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(എ) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ബി) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടതും പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന്

അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ , ഐ.ഡി. കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ